ആരും തന്നെയില്ല. എന്നാൽ, 12-3-2010-ലെ G.O.(Ms)No.60/2010/TD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ആശ്രിത നിയമന പദ്ധതി പ്രകാരം എക്സൈസ് വനിതാ ഗാർഡായി നിയമനം ലഭിച്ച ഒരു വനിത, തിരുവനന്തപുരം ഡിവിഷനിൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ജോലി നോക്കുന്നുണ്ട്.

(സി) സ്പെഷ്യൽ റൂളിൽ നിഷ്ക്കർഷിച്ചിട്ടുള്ള അനുപാതം കണക്കിലെടുത്തുകൊണ്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്.

(ഡി) ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം

13 (*583) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പട്ടിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. വിജയ ശതമാനം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെച്ചപ്പെട്ടിട്ടുണ്ടോ ;

(സി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ എത്ര ശതമാനം പട്ടികജാതി/പട്ടികവിഭാഗം വിദ്യാർത്ഥികൾ വിജയിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) പട്ടികവർഗ്ഗ വികസന വകുപ്പിലെ ആശ്രമം/മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ പഠന നിലവാരം സംബന്ധിച്ച് എസ്.സി.ഇ.ആർ.റ്റി. പഠനം നടത്തിയിട്ടുണ്ട്. എസ്.സി.പി., ടി.എസ്.പി. പദ്ധതി പ്രകാരം ഇടുക്കി, വയനാട്, കണ്ണൂർ ജില്ലകൾ ഒഴികെ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ പദ്ധതികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തെക്കൊണ്ട് പഠനം നടത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. സംസ്ഥാനമൊട്ടാകെയുള്ള സ്കൂളുകളിലും പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 7 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും അയ്യങ്കാളി മെമ്മോറിയൽ സ്പോർട്സ് സ്കൂളിലും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലും എസ്.എസ്.എൽ.സി. വിജയശതമാനം മെച്ചപ്പെട്ടിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം അനുബന്ധമായി ചേർക്കുന്നു.†

(സി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2009-10 വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജയശതമാനം താഴെ ചേർക്കുന്നു :

ക്രമ നമ്പർ	സ്ഥാപനത്തിന്റെപേര്	പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം	വിജയിച്ച കുട്ടികളുടെ എണ്ണം
1	ആലപ്പുഴ	34	34
2	ഇടുക്കി	35	35
3	എറണാകുളം (ബി)	32	31
4	തൃശ്ശൂർ	0	0
5	പാലക്കാട്	33	33
6	കോഴിക്കോട് (ബി)	25	25
7	കാസർഗോഡ് (ബി)	27	27
8	അയ്യങ്കാളി സ്പോർട്സ് സ്കൂൾ,വെള്ളായണി (ബ&ജി)	27	25
	ആകെ	213	210

പരീക്ഷ എഴുതിയ വിദ്യാർത്ഥികളിൽ 98% പേരും വിജയിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള 16 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 11 സ്കൂളുകൾ 2010-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം കൈവരിച്ചു. ശേഷിച്ച 5 സ്കൂളിലെ 128 വിദ്യാർത്ഥികളിൽ 112 പേർ വിജയിക്കുകയും അവശേഷിച്ച 16 പേരിൽ 15 പേരും സേ പരീക്ഷ എഴുതി ജയിക്കുകയും ചെയ്തു. സേ പരീക്ഷ കഴിഞ്ഞതോടെ പട്ടികവർഗ്ഗ വികസന വകുപ്പിലെ 15 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും 100% വിജയം നേടിയിട്ടുണ്ട്.

അനുബന്ധം-I

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഏഴ് മോഡൽ റസിഡന്റ്ഷ്യൽ സ്കൂളുകളിലും വെള്ളായണി അയ്യങ്കാളി മെമ്മോറിയൽ സ്പോർട്സ് സ്കൂളിലും സ്മാർട്ട് ക്ലാസ് റൂമുകൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മൾട്ടിമീഡിയ കമ്പ്യൂട്ടർ, ഡി.എൽ.പി. പ്രൊജക്ടർ, മൾട്ടി മീഡിയ സ്പീക്കർ സിസ്റ്റം, യു.പി.എസ്., ട്രെയിനിംഗ് കിറ്റ് തുടങ്ങിയവ ക്ലാസ്സ് റൂമുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇതിനായി ഓരോ മോഡൽ റസിഡൻഷ്യൽ സ്കൂളിനും സ്പോർട്സ് സ്കൂളിനും 1,55,421 രൂപാവീതം അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള കട്ടേല, ഞാറനീലി, കുളത്തൂപ്പുഴ, വടശ്ശേരിക്കര, ഈരാറ്റുപേട്ട, മൂന്നാർ, ഇടുക്കി, ചാലക്കുടി, അട്ടപ്പാടി, നിലമ്പൂർ, കൽപ്പറ്റ, പൂക്കോട്, നല്ലൂർനാട്, നൂൽപ്പുഴ, കണ്ണൂർ, കാസർഗോഡ് എന്നീ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കെൽട്രോൺ മുഖേന 2008-09 വർഷം മുതൽ സ്മാർട്ട് ക്ലാസ് സജ്ജീകരിച്ചിട്ടുണ്ട്.

കൺസ്യൂമർ ഫെഡിന്റെ കീഴിൽ ഉത്സവകാലത്ത് പ്രത്യേക ചന്തകളും വിൽപ്പനശാലകളും

14 (*584) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഉത്സവകാലത്ത് സംസ്ഥാനത്ത് പ്രത്യേക ചന്തകളും വിൽപ്പനശാലകളും നടത്തുന്നതിന് സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡ് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിരുന്നു എന്ന് വിശദീകരിക്കുമോ ;

(ബി) ഇതിനായി സബ്സിഡി ഇനത്തിൽ എന്തു തുകയാണ് കൺസ്യൂമർ ഫെഡിന് നൽകിയത് ;

(സി) ഈ വർഷത്തെ ഉത്സവകാലത്ത് കൺസ്യൂമർ ഫെഡ് എന്തൊക്കെ മാർക്കറ്റ് ഇടപെടലുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി കൺസ്യൂമർ ഫെഡിന് സബ്സിഡി ഇനത്തിൽ എന്തു തുക മാറ്റിവയ്ക്കണമെന്നാണ് സഹകരണ വകുപ്പ് സർക്കാരിനോടാവശ്യപ്പെട്ടിരിക്കുന്നത് ;

(ഇ) കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഈ ഉത്സവ കാലത്ത് ഏതൊക്കെ മേഖലകളിൽ കൂടുതൽ മാർക്കറ്റ് ഇടപെടൽ നടത്താനാണ് ഉദ്ദേശിക്കുന്നത് ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) കഴിഞ്ഞ വിഷു, ഓണം, റംസാൻ, ബക്രീദ്, ക്രിസ്തുമസ് എന്നീ ഉത്സവകാലങ്ങളിൽ പ്രത്യേക ചന്തകളും വിൽപ്പനശാലകളും സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർഫെഡ് മുഖേന നടത്തിയിരുന്നു. പ്രസ്തുത വിപണന കേന്ദ്രങ്ങളിലൂടെ കൺസ്യൂമർഫെഡിന്റെ സ്വന്തം

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. റോഷി അഗസ്റ്റിൻ

21. " എൻ. ശക്തൻ

22. " വി. ഡി. സതീശൻ

23. " എ. എ. ഷുക്കൂർ

24. " തോമസ് ഉണ്ണിയാടൻ

25. " എം. ഉമ്മർ

26. " എം. എ. വാഹീദ്

27. " പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 71

പ്രതികൂലിക്കുന്നവർ - 27

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല.

2010-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ പാസ്സായി.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(27-7-2010 ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.10-ന് പിരിഞ്ഞു.)

അനുബന്ധം-I

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :3(*583)

പട്ടികജാതി വികസന വകുപ്പ്

ക്രമ നമ്പർ	വർഷം	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	വിജയ ശതമാനം
1	2006	44062	21320	48.39
2	2007	42664	27746	65.03
3	2008	41392	34511	83.37
4	2009	41384	34656	83.74
5.	2010	42787	34450	80.52

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വികസന വകുപ്പ്

ക്രമ നമ്പർ	വർഷം	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	വിജയ ശതമാനം
1	2006	5082	2120	41.69
2	2007	4907	2958	60.28
3	2008	4836	3998	82.46
4	2009	5127	4061	79.21
5	2010	5367	4204	78.33

അനുബന്ധം-II

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 24 (*594)]

ക്രമനമ്പർ	പദ്ധതി ഘടകം	മാനദണ്ഡം
1	പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കൽ (എ) നൂതനനെൽകൃഷി പ്രദർശനത്തോട്ടം (ബി) എസ്.ആർ.ഐ. പ്രദർശനത്തോട്ടം.	100 ഹെ.നെൽപ്പാടത്തിന് 0.4 ഹെ. എന്ന തോതിൽ.
2	വിത്തു വിതരണം	Seed replacement Rate 33%.
3	സൂക്ഷ്മമൂലകങ്ങളുടെ വിതരണം	അപര്യാപ്തതയുള്ള വിസ്തൃതിയുടെ 30%
4	കുമ്മായ വിതരണം	അമ്ല പ്രശ്നമുള്ള വിസ്തൃതിയുടെ 30%
5	മിനികിറ്റ്	50 ഹെക്ടറിന് 5 കിലോ വിത്തിന്റെ കിറ്റ്
6	ഫാംസ്കൂൾ	1000 ഹെക്ടറിന് ഒന്ന്
7	സസ്യ സംരക്ഷണം	ആകെ വിസ്തൃതിയുടെ 10%
8	പുതിയ സംരംഭങ്ങൾ	ആകെ തുകയുടെ 20%

LIBRARY ARCHIVES Kerala Legislative Assembly